16

# അജാനുബാഹുക്കളോടു പോരാടുമ്പോൾ ഓർമ്മിക്കേണ്ട ഏഴു സത്യങ്ങൾ

## (1 ശമുവേൽ 17)

ദാവീദിന്റെയും ഗോല്യാത്തിന്റെയും സംഭവം നിങ്ങൾ ആദ്യമായി കേട്ടതും – എത്ര ആവേശത്തോടെ ആയിരുന്നുവെന്നും ഓർക്കുവാൻ സാധിക്കുമോ? ഒരു പക്ഷെ ആ സംഭവം നിങ്ങൾ പല പ്രാവശ്യം കേട്ടിരിക്കാം, അതുകൊണ്ടു അതിന്റെ രസം കുറഞ്ഞിരിക്കാം. ഈ പാഠത്തെ അനുമോദിക്കുവാനായി, ഈ കഥ നിങ്ങൾ ആദ്യമായി കേൾക്കുകയാണെന്നു വിചാരിക്കുക. നിങ്ങൾക്ക് അങ്ങനെ ചെയ്യുവാൻ കഴിയുമോ? വളരെ നല്ലത്. ബൈബിളിലെ[1] ഏറ്റവും ചലിപ്പിക്കുന്ന സാഹസങ്ങളിൽ ഒന്നു നമുക്കു പഠിക്കാം.

1 ശമുവേൽ 17 ആരംഭിക്കുമ്പോൾ, യിസ്രായേൽ യുദ്ധത്തിലായിരുന്നു: "അനന്തരം ഫെലിസ്ത്യർ സൈന്യങ്ങളെ യുദ്ധത്തിനു ഒന്നിച്ചു കൂട്ടി" (വാ. 1). മദ്ധ്യധരണ്യാഴിയിലെ ദ്വീപുകളിൽ നിന്നു ഫെലിസ്ത്യർ പാലസ്തീനിലേക്കു വരികയും കടൽക്കരയിൽ ഒരു പട്ടണസംസ്ഥാനം രൂപപ്പെടുത്തുകയും ചെയ്തു. അവർ യിസ്രായേലിന്നു ഒരു നിരന്തരമായ ശല്യമായിരുന്നു. ഇപ്പോൾ അവർ യിസ്രായേലിനോടു[2] യുദ്ധം ചെയ്യുവാൻ വന്നിരിക്കയാണ്.

വാക്യങ്ങൾ 1 മുതൽ 3 വരെയാണ് രംഗം: ശൗൽ രാജാവും സൈന്യവും പർവ്വതത്തിന്റെ ഒരുവശത്തും ഫെലിസ്ത്യ സൈന്യം എതിർവശത്തുള്ള പർവ്വതചരിവിലും അണിനിരന്നിരിക്കുന്നു. അതിനിടയ്ക്കാണ് ഏലാ താഴ്‌വര.[3] ഓരോ ദിവസവും രാവിലെ, ഓരോ സൈന്യവും അവരുടെ ആയുധം ധരിച്ചു യുദ്ധത്തിന്റെ വലിയ ആർപ്പിടുകയും ചെയ്യും (17:20, 21). രണ്ടു സൈന്യങ്ങളും അന്യോന്യം അപകീർത്തിപ്പെടുത്തിക്കൊണ്ടിരിക്കും, പക്ഷെ ആരും ആദ്യം മുന്നിട്ടിറങ്ങിയിരുന്നില്ല. അവസാനം, ഫെലിസ്ത്യരുടെ ഇടയിൽ നിന്നു ഒരു അജാനുബാഹു, ഒരു വലിയ ഗോപുരം എന്നപോലെ ഇറങ്ങി വന്നു: "അപ്പോൾ ഫെലിസ്ത്യരുടെ പാളയത്തിൽ നിന്നു ഗഥ്യനായ ഗൊല്യാത്ത്,

എന്ന ഒരു മല്ലൻ പുറപ്പെട്ടു, അവൻ ആറു മുഴവും ഒരു ചാണും നെടുപ്പമു ള്ളവൻ ആയിരുന്നു" (17:4). അത് ഏതാണ്ട് ഒമ്പത് - അര - അടി ഉയരം ആയിരിക്കും![4] മിക്ക ആളുകളുടേയും പോലെ, ഗൊല്യാത്തിന്റെ ശരാശരി എടുത്താൽ ഏതാണ്ടു 600 മുതൽ 700 വരെ പൗണ്ട് തൂക്കം കണ്ടിരിക്കാം![5] അതു 600-ൽ അധികം പൗണ്ട് തൂക്കം പേശികൾക്കാണ്, അല്ലാതെ കൊഴു പ്പല്ല. അവന്റെ യുവത്വം മുതൽ അവൻ ഒരു പടയാളിയായിരുന്നു (17:33). അവൻ അസാമാന്യ യുദ്ധവിദഗ്ദ്ധനായിരുന്നു.

പടത്തൊപ്പി[6] അടക്കമുള്ള എല്ലാ പടച്ചട്ടകളും, അവൻ ധരിച്ചിരുന്നു. അവന്റെ ''ധൂളിക്കവചത്തിനു''[7] 125 മുതൽ 150 പൗണ്ടു തൂക്കം വരുമായി രുന്നു![8] അവന്റെ കയ്യിൽ ഒരു കുന്തം പിടിച്ചിരുന്നു, പുറകിൽ ഒരു വേൽ[9] തൂങ്ങിക്കിടന്നിരുന്നു. കുന്തത്തിന്റെ പടി നെയ്ത്തുകാരന്റെ ബീം പോലെ യിരിക്കും കുന്തത്തിന്റെ തലഭാഗത്തിനു 15 പൗണ്ടിനും 20 പൗണ്ടിനും ഇടക്കു തൂക്കം വരുമായിരുന്നു![10] (അവൻ അത് ആരെയും എറിയണമെ ന്നില്ല; അതു എതിരാളിയുടെ തലയിലേക്കു ഇട്ടാൽ മാത്രം മതി!) അവന്റെ കവചം വളരെ വലുതായതുകൊണ്ടു, വേറൊരു പടയാളി അതിനെ അവനു മുൻപു ചുമന്നുകൊണ്ടുപോയിരുന്നു.

ഗൊല്യാത്ത് ഏലാ താഴ്‌വരയിലേക്ക് ഇറങ്ങിച്ചെന്നു വിളിച്ചുപറഞ്ഞു, "നിങ്ങളുടെ ചാമ്പ്യനെ ഇറക്കി വിട്, ഞങ്ങൾ അവനോടു പോരാടാം!" അവൻ അത്യുച്ചത്തിൽ ഈ വെല്ലുവിളി ഉയർത്തി: "അവൻ എന്നോടു പോരാടി എന്നെ കൊന്നാൽ, ഞങ്ങൾ പിന്നെ നിങ്ങളുടെ ദാസന്മാരായിരിക്കും; പക്ഷെ ഞാനാണ് ജയിച്ച് അവനെ കൊല്ലുന്നതെങ്കിൽ, നിങ്ങൾ ഞങ്ങളുടെ ദാസ ന്മാരായിരുന്നു ഞങ്ങളെ സേവിക്കും" (17:9). ഇതിനെ "ഒറ്റയുദ്ധ വെല്ലുവിളി" എന്നാണ് വിളിച്ചിരുന്നതു കൂടാതെ സൈനികതർക്കങ്ങൾ തീർക്കുന്നത് ഇ ങ്ങനെയുള്ള നിയമപരമായ എതിരിടലിൽകൂടിയുമാണ്. അതു മോശമായ ഒരാശയം ആയിരുന്നില്ല. അടുത്ത പ്രാവശ്യം രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകേണ്ടത് ഒഴിച്ചുകൂടാനാവാത്തതാണെങ്കിൽ, നേതാക്കന്മാർ തമ്മിൽ യുദ്ധം ചെയ്യുകയും മറ്റുള്ളവരെ ഒഴിച്ചു നിർത്തുകയും ചെയ്യും!

വാക്യം 11 പറയുന്നു, "ഫെലിസ്ത്യന്റെ ഈ വാക്കുകൾ ശൗലും എല്ലാ യിസ്രായേല്യരും കേട്ടപ്പോൾ, ഭ്രമിച്ചു ഭയപ്പെട്ടു." വാക്യം 16 സൂചിപ്പിക്കു ന്നതു, "ആ ഫെലിസ്ത്യൻ നാല്പതു ദിവസം, മുടങ്ങാതെ രാവിലെയും വൈകുന്നേരവും മുമ്പോട്ടു വന്നുനിന്നു." ഗൊല്യാത്ത് ദിവസം രണ്ടു പ്രാവശ്യം വീതം നാല്പതു ദിവസം ഏലാ താഴ്‌വരയിലേക്കു നടന്നു ചെന്ന് ആ വെല്ലുവിളി നടത്തി; അങ്ങനെ മൊത്തം എൺപതു പ്രാവശ്യം നടത്തി. അവൻ തന്റെ വെല്ലുവിളി എൺപത്തി - ഒന്നാം പ്രാവശ്യം നടത്തുവാൻ പോകുകയായിരുന്നു.

ഒമ്പതര - അടി പൊക്കമുള്ള അജാനുബാഹുവിനെ നേരിടുന്നതു തന്നെ ഭയമുളവാക്കുന്നതായിരിക്കും ... എന്നാൽ നമ്മുടെ എല്ലാം ജീവിതത്തിൽ നമുക്കു അജാനുബാഹുക്കളുണ്ട് - നമ്മുടെ ജീവിതത്തിൽ എതിരിടേണ്ട തായ പൊങ്ങിനിൽക്കുന്ന കാര്യങ്ങൾ, തുടർന്നു മുൻപോട്ടുപോകുവാൻ ആ പ്രശ്നങ്ങളെ അഭിമുഖീകരിച്ചു, കീഴ്പ്പെടുത്തേണ്ടതുണ്ട്. അതു ഒരു പക്ഷെ നിയമപരമായ പോരാട്ടം ആകാം, മേലുദ്യോഗസ്ഥനുമായുള്ള പോരാ ട്ടമാകാം, ഒരു മോശമായ സ്വഭാവമാകാം, പരീക്ഷണത്തെ അതിജീവിക്കു ന്നതാകാം, ഉലഞ്ഞ ബന്ധം ശരിയാക്കുന്നതാകാം. അതിൽ ആളുകളോ

സമ്മർദ്ദങ്ങളോ ഉൾപ്പെടാം; അതു ആകുലതയും ഭയവും ഉണ്ടാക്കുന്നതു മാകാം. നിങ്ങളുടെ ജീവിതത്തിൽ ഇതുവരെയും നിങ്ങൾക്ക് ഒരു അജാനുബാഹുവിനെ നേരിടേണ്ടി വന്നിട്ടില്ലെങ്കിൽ, ഏതെങ്കിലും സമയത്ത് നേരിടേണ്ടി വരും തീർച്ചയാണ്!

എനിക്ക് അജാനുബാഹു ആയിരിക്കുന്നത് ഒരുപക്ഷെ നിങ്ങൾക്ക് അജാനുബാഹു ആയിരിക്കയില്ല, എങ്കിലും അതു അജാനുബാഹു തന്നെയാണ്. നിങ്ങൾക്ക് അജാനുബാഹു ആയിരിക്കുന്നത് ഒരുപക്ഷെ എനിക്കു അങ്ങനെ തോന്നിയെന്നു വരികയില്ല, എങ്കിലും അതു യഥാർത്ഥമാണ്. ഓരോരുത്തരും അവനവന്റെ പ്രത്യേക പരീക്ഷണങ്ങളുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കുകയാണ് – നമ്മുടെ ദൈനന്തിനജീവിതത്തിൽ അജാനുബാഹുക്കളെ നാം അഭിമുഖീകരിച്ചുകൊണ്ടാണിരിക്കുന്നത്, അവ യഥാർത്ഥത്തിൽ തന്നെ ഉള്ളതുമാണ്! ആരുടേയും അജാനുബാഹുവിനെ നാം നിസാരമായി കാണരുത്.

നമ്മുടെ മുട്ടുകളെ മടക്കുന്ന പ്രശ്നങ്ങളും, നമ്മുടെ ലോകത്തിൽ വലുതായി കാണുന്ന വെല്ലുവിളികളും എല്ലാം, നാം എല്ലാവരും നേരിടുന്ന അജാനുബാഹുക്കളാണ്. ചോദ്യമിതാണ്, നമ്മുടെ ജീവിതത്തിലെ ഗൊല്യാത്തുകളെ നാം എങ്ങനെ *തോല്പിക്കും?* അജാനുബാഹുക്കളുമായി പോരാടുമ്പോൾ, വിജയിക്കുവാൻ സഹായിക്കുന്ന നാം ഓർമ്മിക്കേണ്ടതായ ഏഴു സത്യങ്ങൾ 1 ശമുവേൽ 17-ൽ കാണാം.

## I. നിങ്ങൾ പ്രതീക്ഷിക്കാതിരിക്കുമ്പോഴാണ് അജാനുബാഹുക്കൾ പ്രത്യക്ഷമാകുന്നത് (17:12-15, 17-23)

ദാവീദ് ബേത്ത്ലഹേമിലെ വീട്ടിലായിരുന്നപ്പോൾ, അവന്റെ മൂന്നു ജ്യേഷ്ഠസഹോദരന്മാർ യിസ്രായേലിന്റെ സൈന്യത്തിലായിരുന്നു. അവർ ശൗലിനോടൊപ്പം ഫെലിസ്ത്യരോടു യുദ്ധം ചെയ്യുവാൻ പോയിരുന്നു. പ്രായപൂർത്തിയായ ആൺമക്കൾ യുദ്ധത്തിനു പോവുകയും ഇളയ കുട്ടികൾ വീട്ടിലെ ചില്ലറജോലികൾക്കായി അവിടെ തന്നെ കഴിയുകയും ചെയ്യുന്നത് ഒരു ആചാരമായിരുന്നു. ദാവീദ്, തീർച്ചയായും, വീട്ടിലെ ഇളയകുട്ടിയായിരുന്നു – പത്തു പേരിലും ഇളയവനായിരുന്നു. അവൻ ഒരുപക്ഷെ കൗമാരപ്രായത്തിലായിരുന്നേക്കാം, ഇരുപതു[11] വയസു പോലും ആയിട്ടില്ലായിരുന്നു. അവൻ തന്റെ സമയം അധികവും ചെലവഴിച്ചതു ആടുകളെ മേയ്ക്കുന്ന സ്ഥലങ്ങളിലായിരുന്നു. ഇടയ്ക്ക് അവൻ ശൗൽ രാജാവിനെ കിന്നരം വായിച്ചു കേൾപ്പിക്കുവാൻ രാജധാനിയിലും പോകുമായിരുന്നു (17:15),[12] എന്നാൽ അവന്റെ ദൈനന്തിന ജോലി ആടുകളെ മേയ്ക്കുന്നതായിരുന്നു.

ഒരു ദിവസം യിശ്ശായി ദാവീദിനോടു പറഞ്ഞു, "നിന്റെ സഹോദരന്മാർ പോയിട്ട് ഇപ്പോൾ നാല്പതു ദിവസം കഴിഞ്ഞിരിക്കുന്നു, അവർക്കു എന്തു സംഭവിച്ചു എന്ന് എനിക്കറിയില്ല. നീ അവരെ അന്വേഷിച്ചു പോകണം. അവർക്കു വേണ്ട സാധനങ്ങളുമായി പോയി; അവരുടെ ക്ഷേമം അറിഞ്ഞു ലക്ഷ്യവും വാങ്ങി വരിക." ബേത്ത്ലഹേം അവിടെ നിന്നു പത്തു പതിനഞ്ചു മൈൽ ദൂരമേയുള്ളൂ, എന്നാൽ ഒരു മാസത്തിലധികമായി വീട്ടുകാർ ആ മക്കളുടെ വിശേഷം അറിഞ്ഞിട്ട്. "അവരുടെ ക്ഷേമം" എന്ന പദപ്രയോഗത്തിന്റെ (17:18) മൂലഭാഷയിലെ അർത്ഥം "അവരുടെ പ്രതിജ്ഞാപത്രം" എന്നാണ് (നോക്കുക കെജെവി). അവർക്കു കുഴപ്പമൊന്നും സംഭവിച്ചിട്ടില്ല

എന്നു വിശ്വസിപ്പിക്കുന്ന തെളിവു എന്തെങ്കിലും ദാവീദ് കൊണ്ടുവരണം എന്നു ഇതു സൂചിപ്പിക്കുന്നു. "അങ്ങനെ ദാവീദ് അതികാലത്ത് എഴുന്നേറ്റു ആടുകളെ കാവൽക്കാരന്റെ പക്കൽ വിട്ടേച്ചു യിശ്ശായി തന്നോടു കല്പിച്ച തൊക്കെയും എടുത്തുകൊണ്ടു ചെന്നു" (17:20).

ദാവീദ് ഏലാ താഴ്‌വരയിലേക്കു പോയപ്പോൾ, അവന്റെ ഉള്ളിൽ അജാനുബാഹുവുമായുള്ള പോരാട്ടം തന്നെയില്ലായിരുന്നേക്കാം. സാധാരണ പ്രഭാതത്തെപോലെ തന്നെ ആയിരിക്കും ആ പ്രഭാതവും. ദാവീദിനു ആവേശമുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമേയില്ല – കാരണം അവൻ തന്റെ സഹോദരന്മാരെ കാണുവാനും യുദ്ധം കാണുവാനുമാണ് പോകുന്നത് – പക്ഷെ എന്താണു നടക്കുവാൻ പോകുന്നത് എന്നതിനെ കുറിച്ചു യാതൊരു മുൻസൂചനയുമില്ല, അജാനുബാഹുവിനെ അഭിമുഖീകരിക്കുന്നതിനെ കുറിച്ചും ഒരു ചിന്തയുമില്ല.

നിങ്ങളുടെ ജീവിതത്തിൽ അജാനുബാഹു പ്രത്യക്ഷപ്പെടുമ്പോൾ ആ ദിവസങ്ങൾ മറ്റു ദിവസങ്ങളിലേതുപോലെ തന്നെ ആയിരിക്കും. നിങ്ങൾ എഴുന്നേല്ക്കുന്നു. ദിവസേനയുള്ള ജോലികൾ നിങ്ങൾ ചെയ്യുന്നു. ഒരുപക്ഷെ അത് ഒരു നല്ല ദിവസം ആയിരിക്കാം, അല്ലെങ്കിൽ അല്ലായിരിക്കാം, എന്നാൽ നിങ്ങളുടെ ജീവിതത്തിലെ മറ്റു അനേകായിരം ദിവസങ്ങളെ പോലെ തന്നെയാണ് അന്നത്തേതും. അപ്പോൾ തപാലിൽ ഒരു കത്തു വരുന്നു ... അല്ലെങ്കിൽ ഒരു ടെലഗ്രാം വരുന്നു ... അല്ലെങ്കിൽ ടെലഫോൺ ശബ്ദിക്കുന്നു ... അല്ലെങ്കിൽ ആരെങ്കിലും കയറി വരുന്നു. ഒരുപക്ഷെ നിങ്ങളെ നിങ്ങളുടെ മേലുദ്യോഗസ്ഥന്റെ ഓഫീസിലേക്കു വിളിപ്പിക്കുന്നു ... അല്ലെങ്കിൽ നിങ്ങൾ സാധാരണ പരിശോധനക്കായി ഡോക്ടറെ കാണുവാൻ പോകുന്നു ... അല്ലെങ്കിൽ നിങ്ങളുടെ പങ്കാളി പറയുന്നു, "നമുക്ക് ഒന്നു സംസാരിക്കണം." ഉടനെ, അജാനുബാഹു പ്രത്യക്ഷനാകുന്നു.

ദാവീദ് ഏലാ താഴ്‌വരയിൽ എത്തിയപ്പോൾ, അവൻ കൊണ്ടു ചെന്ന സാധനങ്ങളെല്ലാം ചുമതലപ്പെട്ട ആളിനെ ഏല്പിച്ചിട്ട് അവൻ തന്റെ സഹോദരന്മാരുടെ അടുക്കലേക്കു പോയി. അവൻ അവരോടു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, "ഗഥ്യനായ, ഗൊല്യാത്ത് എന്ന ഫെലിസ്ത്യമല്ലൻ, ഫെലിസ്ത്യരുടെ നിരകളിൽനിന്നു പുറപ്പെട്ടു വന്നു, മുമ്പിലത്തെ വാക്കുകൾ തന്നേ പറയുന്നത്, ദാവീദ് കേട്ടു" (17:23). ആ വാക്കുകൾ വാക്യം 10–ൽ കാണാം: "ഞാൻ ഇന്നു യിസ്രായേൽ നിരകളെ വെല്ലുവിളിക്കുന്നു; ഞങ്ങൾ തമ്മിൽ അങ്കം പൊരുതേണ്ടതിന്നു ഒരുത്തനെ വിട്ടുതരുവിൻ." ഗൊല്യാത്തിന്റെ വാക്കുകളിലെ ഗർവ്വ് ഊഹിച്ചു നോക്കുക: "ഇപ്പോൾ നാല്പതു ദിവസമായി ഞാൻ ഇവിടെ നില്ക്കാൻ തുടങ്ങിയിട്ട്! ഇതു എൺപത്തി-ഒന്നാം പ്രാവശ്യമാണ് ഞാൻ ഈ വെല്ലുവിളി നടത്തുന്നത്! യിസ്രായേലിൽ എന്നെ നേരിടുവാൻ ധൈര്യമുള്ള ആരും ഇല്ലേ?"

വാക്യം 23 പറയുന്നു, "[ഗൊല്യാത്ത് സംസാരിച്ച വാക്കുകൾ] ദാവീദ് കേട്ടു." ഇപ്പോൾ ഒരു അജാനുബാഹു തന്റെ ജീവിതത്തിലേക്കു കടന്നു വന്നു എന്ന കാര്യം അവൻ നിഷേധിക്കുകയില്ല. ഇതു ഉറപ്പിച്ചോ: ഉടനെ അല്ലെങ്കിൽ പിന്നീട്, നിങ്ങൾക്ക് അജാനുബാഹുവിനെ നേരിടേണ്ടിവരും.

## II. ഭയത്തോടെ അല്ലെങ്കിൽ വിശ്വാസത്തോടെ നിങ്ങൾക്കു അജാനുബാഹുക്കളെ നേരിടുവാൻ കഴിയും (17:24-27)

പടയാളികളുടെ ഭയവും ദാവീദിന്റെ വിശ്വാസവും തമ്മിലുള്ള വൈപരീത്യം നമ്മുടെ വേദഭാഗം എടുത്തുകാണിക്കുന്നു. വാക്യം 11 സൂചിപ്പിക്കുന്നതു: "ഫെലിസ്ത്യന്റെ ഈ വാക്കുകൾ ശൗലും എല്ലായിസ്രായേല്യരും കേട്ടപ്പോൾ, ഭ്രമിച്ചു ഏറ്റവും ഭയപ്പെട്ടു." വാക്യം 24 പറയുന്നു, "അവനെ കണ്ടപ്പോൾ, യിസ്രായേല്യരൊക്കെയും ഏറ്റവും ഭയപ്പെട്ടു."

ദാവീദ് സഹോദരന്മാരുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, ഗൊല്യാത്ത് പുറത്തു വന്നു തന്റെ വെല്ലുവിളി ആവർത്തിച്ചു. ദാവീദിനു തന്റെ ചെവികളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല! "ആ ഫെലിസ്ത്യൻ പറഞ്ഞതു നിങ്ങൾ കേട്ടില്ലേ?!" ആരും അതിനു മറുപടി പറഞ്ഞില്ല. ദാവീദ് ചുറ്റും നോക്കി – അവൻ മാത്രമേയുണ്ടായിരുന്നുള്ളൂ. എല്ലാവരും സുരക്ഷിതസ്ഥാനമായ, അമ്പത് അടി പുറകിലേക്കു പോയി! "[ഗൊല്യാത്തിനെ] കണ്ടപ്പോൾ, യിസ്രായേല്യരൊക്കെയും അവർ ഭ്രമിച്ചു *ഓടി* അകന്നു." (എംഫസിസ് മൈൻ.)

പടയാളികൾ പതുങ്ങിയിരുന്ന സ്ഥലത്തേക്കു ദാവീദ് ചെന്നപ്പോൾ, അവർ ആ സാഹചര്യത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. ആരും ഗൊല്യാത്തിനോടു പോരാടുവാൻ മുന്നിട്ടിറങ്ങാത്തതുകൊണ്ടു, ശൗൽ "പാത്രം മധുരമുള്ളതാക്കി." അവൻ പറഞ്ഞു, "ആ ഫെലിസ്ത്യനെ കൊല്ലുന്നവനെ, ഞാൻ ധനവാനാക്കും. എന്റെ മകളെ ഞാൻ അവന്നു ഭാര്യയായി[13] കൊടുക്കയും, അവന്റെ അപ്പന്റെ വീട് അവന്നു സൗജന്യമായിരിക്കയും ചെയ്യും"– അതായതു, നികുതിയിൽനിന്നും മറ്റു പൊതുസേവനത്തിൽ നിന്നു മുക്തമായിരിക്കും എന്നർത്ഥം.

നമുക്ക് നിന്ന് ഒരു ചോദ്യം ചോദിക്കാം: യിസ്രായേലുകാരുടെ വശത്തായി അണിനിരന്നു നിന്ന ഭടന്മാരിൽ, യുക്തിപരമായി ആരായിരിക്കും ഗൊല്യാത്തിനോടു പോരാടുവാൻ പോകുന്നത്? അവിടെയുള്ള എല്ലാവരിലും വലിയവനും ശക്തനും ആയി – ഏതാണ്ട് ആ അജാനുബാഹുവിനോടടുത്തുള്ളവനായി ആരുണ്ട്? ശൗൽ മാത്രം[14] – എന്നാൽ ശൗൽ ഭയപ്പെട്ടിരിക്കയാണ്,[15] അതുകൊണ്ടാണ് അവൻ ഈ ആനുകൂല്യങ്ങൾ തന്റെ ജനങ്ങൾക്കു മുമ്പിൽ വെച്ചത്.

നല്കുമെന്ന പറഞ്ഞ ഓഫറുകൾ ആകർഷണീയമായി ദാവീദിന്റെ ഉള്ളിലേക്കു ആഞ്ഞിറങ്ങിക്കാണും എന്നു ഞാൻ കരുതി. *ദൈവ*നാമം ദുഷിക്കപ്പെട്ടതുകൊണ്ടാണ് ദാവീദിനു വിഷമമുണ്ടായത്. പ്രതിഫലങ്ങളിലൊന്നിലും ദാവീദിനു താല്പര്യമില്ലായിരുന്നു; മറിച്ച്, ദൈവത്തെ എങ്ങനെ മഹത്വപ്പെടുത്താമെന്നാണ് അവൻ വിചാരിച്ചത്. വാക്യം 26–ന്റെ അവസാനം ദാവീദ് പറയുന്നത് ശ്രദ്ധിക്കുക: "... *ജീവനുള്ള ദൈവത്തിന്റെ* സേനയെ നിന്ദിക്കുവാൻ, ഈ ഫെലിസ്ത്യൻ ആർ?" (എംഫസിസ് മൈൻ.)

നമുക്കെല്ലാവർക്കും ദാവീദിന്റെ ഹൃദയം ഉണ്ടാകണം! ദൈവനാമം ദുഷിക്കപ്പെടുന്നത് നാം ഓരോ ദിവസവും കേൾക്കാറുണ്ട് – നമുക്ക് അത് സുപരിചിതവുമായിരിക്കുന്നു. നാം അതിനെക്കുറിച്ചു ഒന്നും വിചാരിക്കാതെ നമ്മുടെ ഹൃദയം കഠിനപ്പെട്ടിരിക്കുന്നു. പക്ഷെ ദാവീദിനു ദേഷ്യമുണ്ടായി! അവർ ജീവനുള്ള ദൈവത്തെയാണ് പരിഹസിച്ചത്. "അതിനെതിരെ ആരും ഒന്നും ചെയ്യാതിരുന്നതെന്താണ്?!"

നമ്മുടെ ജീവിതത്തിലേക്കു അജാനുബാഹുക്കൾ വരുമ്പോൾ, നാം ഒന്നുകിൽ ഭയപ്പെടും, അല്ലെങ്കിൽ ദൈവത്തിലുള്ള വിശ്വാസം കൊണ്ടു അവയെ നേരിടും. ഒന്നുകിൽ അവ നമ്മെ കീഴ്പ്പെടുത്തും അല്ലെങ്കിൽ, അവയെ നമുക്കു ദൈവനാമത്തെ മഹത്വപ്പെടുത്തുവാനുള്ള അവസരമായി നാം കാണും.

## III. നിങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ ആരെങ്കിലും എപ്പോഴും ഉണ്ടാകും (17:28-33)

ഒരു വ്യക്തിയുടെ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ എല്ലാവരും അയാളെ പിന്താങ്ങുകയും, സഹായിക്കുകയും, ശക്തീകരിക്കുകയും ചെയ്യണം, എന്നാണ് നിങ്ങൾ വിചാരിക്കുക – പക്ഷെ അങ്ങനെയല്ല വേണ്ടത്. പകരം ആരെങ്കിലും എല്ലായ്പ്പോഴും പറയുവാനുണ്ടാകും, "നിന്നെക്കൊണ്ട് അതിനു സാധിക്കുകയില്ല. അതിനു വേണ്ടതു നിന്റെ കയ്യിലില്ല. നീ അതു വിട്ടുകളയുന്നതാണ് നല്ലത്."

ഗൊല്യാത്തിനോടു മല്ലിടുന്ന കാര്യത്തിൽ, ദാവീദിന്റെ അപ്പൻ പറഞ്ഞു, *"നീ വളരെ ചെറുപ്പമാണ്."* യിശ്ശായി സൈന്യത്തിലേക്കു അയച്ചതു ഇളയ മകൻ ദാവീദിനെ അല്ല, മൂത്ത മക്കളെയാണ്.

അപ്പോൾ ദാവീദിന്റെ സഹോദരൻ പറഞ്ഞു, *"നീ വളരെ പ്രായം കുറഞ്ഞവനാണ്."*

> അവരോടു അവൻ [ദാവീദ്] സംസാരിക്കുന്നതു അവന്റെ മൂത്ത ജ്യേഷ്ഠൻ ഏലിയാബ് കേട്ടു; ദാവീദിനോടു കോപിച്ചു, "നീ ഇവിടെ എന്തിനു വന്നു?[16] മരുഭൂമിയിൽ ആ കുറെ ആടുള്ളത് നീ ആരുടെ പക്കൽ വിട്ടേച്ചു പോന്നു? നിന്റെ അഹങ്കാരവും നിഗള ഭാവവും എനിക്ക് അറിയാം; പട കാൺമാനല്ലേ നീ വന്നതു എന്നു പറഞ്ഞു" (17:28)

ഏലിയാബ് ആരായിരുന്നു എന്നതു മനസിൽ സൂക്ഷിക്കുക. ശമുവേൽ അടുത്ത രാജാവിനെ അഭിഷേകം ചെയ്യുവാൻ വന്നപ്പോൾ ആദ്യം വന്നവനായിരുന്നു അവൻ. ശമുവേൽ വിചാരിച്ചത്, "അവൻ തന്നെ!" ആയിരിക്കുമെന്നാണ് പക്ഷെ ദൈവം ശമുവേലിന്റെ തോളിൽ തട്ടി പറഞ്ഞു, "അല്ല, അവൻ അല്ല. മനുഷ്യൻ നോക്കുന്നതുപോലെ അല്ല ഞാൻ നോക്കുന്നത്. ഞാൻ ഹൃദയത്തെയാണ്[17] നോക്കുന്നത്." അപ്പോൾ ഏലിയാബിനു മാറി നിന്നു തന്റെ ഇളയ സഹോദരൻ, ദാവീദിന്റെ തലയിൽ അഭിഷേകതൈലം ഒഴിക്കുന്നതു നോക്കി നില്ക്കേണ്ടി വന്നു. അസൂയ ആ മനുഷ്യനെ വിഴുങ്ങി. അവൻ ദാവീദിന്റെ ലക്ഷ്യങ്ങളെയും, ദാവീദിന്റെ ജോലിയെയും, ദാവീദിന്റെ ഹൃദയത്തെയും പരിഹസിച്ചു.

സ്വാഭാവികമായിട്ടാണെങ്കിൽ ദാവീദ് തന്റെ സഹോദരനോടു എതിർക്കുമായിരുന്നു. നിങ്ങൾക്കു സഹോദരന്മാരും സഹോദരിമാരും ഉണ്ടോ? നിങ്ങൾ എപ്പോഴെങ്കിലും അവരോടു വഴക്കിട്ടിട്ടുണ്ടോ? ദാവീദ് നമ്മെപ്പോലെ ആയിരുന്നെങ്കിൽ, അവൻ ഏലിയാബുമായി വഴക്കിനു പോകുമായിരുന്നു. അത്തരത്തിലാണ് പലപ്പോഴും അജാനുബാഹുക്കളെ നേരിടുമ്പോൾ നാം പെരുമാറുന്നത്. നമ്മുടെ ഊർജ്ജമെല്ലാം അജാനുബാഹുക്കളോടു എതിരിടുവാൻ

ചെലവിടുന്നതിനു പകരം, നാം ആളുകളോടു എതിരിടും. നാം ദുഃഖത്തി ലായി നമ്മുടെ ജീവിത ക്രമം നഷ്ടപ്പെടുന്നതിനാൽ, അജാനുബാഹുക്കളെ എതിരിടുവാൻ ചെലവഴിക്കേണ്ട ഊർജ്ജം, നമുക്കു ചുറ്റും കാണുന്നവരോടു തിരിച്ചുവിടുന്നു.

എങ്ങനെയായാലും, ദാവീദ്, തന്റെ സഹോദരനോടു വാദിച്ചു ജയി ക്കു വാനൊന്നും നിന്നില്ല. ചുരുക്കത്തിൽ, അവൻ പറഞ്ഞു, "നീ എന്താണ് അങ്ങനെ പറഞ്ഞത്? ഞാൻ തെറ്റ് ഒന്നും ചെയ്തില്ലല്ലൊ."[18] അവൻ പിന്നെ തിരിഞ്ഞു മറ്റാരോടോ സംസാരിച്ചു. താഴ്‌വരയിൽ ഒരു അജാനുബാഹു ഉള്ള പ്പോൾ അവൻ പാളയത്തിലേക്കു യുദ്ധത്തിനായി പോയില്ല.[19]

ദാവീദിന്റെ അന്വേഷണം ശൗലിന്റെ ചെവിയിലെത്തുകയും, ശൗൽ ദാവീ ദിനെ വരുത്തുവാൻ ആളയക്കുകയും ചെയ്തു. ദാവീദ് രാജാവിനോട്, "ഇവന്റെ നിമിത്തം ആരും അധൈര്യപ്പെടേണ്ടാ; അടിയൻ ചെന്നു ഈ ഫെലി സ്ത്യനോടു അങ്കം പൊരുതും എന്നു പറഞ്ഞു" (17:32).

അപ്പോൾ ശൗൽ ദാവീദിനെ നിരുൽസാഹപ്പെടുത്തുവാൻ ശ്രമിച്ചു. അവൻ പറഞ്ഞു, "ഈ ഫെലിസ്ത്യനോടു ചെന്നു അങ്കം പൊരുതുവാൻ നിനക്കു പ്രാപ്തിയില്ല; നീ ബാലനത്രേ അവനോ ബാല്യം മുതൽ യോദ്ധാ വാകുന്നു എന്നു പറഞ്ഞു (17:33).[20] "നിനക്കു യുദ്ധത്തെക്കുറിച്ചു എന്ത റിയാം? നീ ആടുകളെ നോക്കിക്കൊണ്ടിരുന്ന ഒരു ബാലൻ മാത്രമാണ്. നേരെമറിച്ച്, ആ മല്ലനാണെങ്കിൽ ബാല്യം മുതൽ ഈ നിമിഷം വരെ യുദ്ധ പരിശീലനം നേടിയവനാണ്. വേണ്ടാ, *നീ ഒട്ടും പരിചയമില്ലാത്തവനാണ്*."

ഗൊല്യാത്തിനോടു പോരാടുന്നതിൽനിന്നു പിന്തിരിപ്പിക്കുവാൻ ആ ബാലനെ എല്ലാവരും ശ്രമിച്ചു നോക്കി. അല്പം കഴിഞ്ഞ്, ആ മല്ലൻ തന്നെ പറഞ്ഞു, *"നീ വെറും ബാലൻ! നീ ബലമില്ലാത്തവൻ! നീ പ്രാപ്തി - ഇല്ലാ ത്തവൻ!"* (നോക്കുക 17:42, 43).

നിങ്ങൾ ഒരു മല്ലനെ നേരിടുമ്പോൾ, നിരുത്സാഹവാക്കുകൾ കേൾക്കേണ്ടിവരും. അവ നിങ്ങളുടെ കുടുംബത്തിൽ നിന്നാകാം (ദാവീ ദിനെ അവന്റെ അപ്പനും സഹോദരനും നിരുത്സാഹപ്പെടുത്തിയതുപോലെ). അവ നിങ്ങളെ സ്നേഹിക്കുന്നു എന്നു നിങ്ങൾ കരുതിയ സ്നേഹിതനിൽ നിന്നാകാം (ദാവീദ് പലപ്പോഴായി ശൗലിനുവേണ്ടി കിന്നരം വായിച്ചവനാ ണ് എന്നോർക്കുക). അവ ഒരുപക്ഷെ നിങ്ങളെ ഇഷ്ടപ്പെടാത്തവരിൽ നിന്നാ കാം (ഗൊല്യാത്തിനെ പോലെയുള്ളവർ). നിങ്ങൾക്ക് അതു പ്രതീക്ഷിക്കാം; അതു ഉണ്ടാകും. "നിങ്ങൾക്ക് അതു ചെയ്യുവാൻ കഴിയുകയില്ല" എന്നു ആളുകൾ പറയുമ്പോൾ, അതിനെ അത്ഭുതത്തോടെ കാണാതെ നേരിടു വാൻ മനസ്സിനെ ഒരുക്കുക!

## IV. നിങ്ങളുടെ മല്ലന്മാരെ കണ്ടു മുട്ടുന്നതിനു *മുൻപു* നിങ്ങൾ ഒരുങ്ങണം (17:34-37)

"പ്രശ്നം വരട്ടെ, അപ്പോൾ ഞാൻ നോക്കിക്കൊള്ളാം," എന്നു നിങ്ങൾ വിചാരിച്ചാൽ, നിങ്ങളുടെ അന്ത്യം, ഒരുപക്ഷെ ഗൊല്യാത്തിനെ പോലെ ആയേക്കാം. നിങ്ങളുടെ മല്ലന്മാരെ കണ്ടുമുട്ടുന്നതിനു *മുൻപു* തന്നെ നിങ്ങൾ ഒരുങ്ങണം.

ദാവീദ് ഗൊല്യാത്തിനെ നേരിടുന്നതിനു മുൻപുതന്നെ ഒരുങ്ങിയിരുന്നു,

അവൻ ആടുകളെ നോക്കിക്കൊണ്ടിരുന്നപ്പോൾ തന്നെ, സിംഹത്തെയും കരടിയേയും നേരിട്ടിരുന്നു. ശൗൽ ദാവീദിനെ നിരുൽസാഹപ്പെടുത്തിയപ്പോൾ, ദാവീദ് പറഞ്ഞു,

> അടിയൻ അപ്പന്റെ ആടുകളെ മേയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്നു കൂട്ടത്തിൽ നിന്നു ആട്ടിൻകുട്ടിയെ പിടിച്ചു, ഞാൻ പിന്തുടർന്നു അതിനെ അടിച്ചു, അതിന്റെ വായിൽനിന്നു ആട്ടിൻകുട്ടിയെ വിടുവിച്ചു; അതു എന്റെ നേരെ വന്നപ്പോൾ, ഞാൻ അതിന്റെ താടിക്കു പിടിച്ചു അടിച്ചു കൊന്നു. ഇങ്ങനെ അടിയൻ സിംഹത്തെയും കരടിയെയും കൊന്നു; ഈ അഗ്രചർമ്മിയായ ഫെലിസ്ത്യൻ ജീവനുള്ള ദൈവത്തെ നിന്ദിച്ചിരിക്കകൊണ്ടു, അവനും അവയിൽ ഒന്നിനെപോലെ ആകും (17:34-36).

യുദ്ധക്കളത്തിൽ ഗൊല്യാത്തിനോടു നേരിടുവാൻ ദാവീദ് ഒരുങ്ങിയിരുന്നില്ല, പക്ഷെ അവൻ ഒരുങ്ങിയതു മേച്ചിൽപുറത്തായിരുന്നു. അവനു നേരിടേണ്ടി*യിരുന്നത്* സിംഹങ്ങളേയും കരടികളേയും ആയിരുന്നില്ല. അവൻ ഓടിയിരുന്നെങ്കിൽ, അതു ആടുകളൊഴിച്ചു മറ്റാരും അറിയുകയില്ല - അവ ഒട്ട് പറയുകയുമില്ല. ആ ഭയങ്കരജന്തുക്കളെ സാഹസികമായി നേരിട്ടതിന് അവനു ഒരു ബോണസും ലഭിച്ചില്ല. പത്തുമണിക്കുള്ള വാർത്തയിൽ "ഇന്നത്തെ നായകൻ" എന്ന രീതിയിൽ അവന്റെ ചിത്രം കാണപ്പെട്ടുമില്ല. ആടുകളിൽ നിന്നു അവനു ഒരു "നന്ദി" പോലും ലഭിച്ചില്ല (ആടുകൾ പ്രശംസിക്കുന്നതിൽ പിശുക്ക് കാണിച്ചു)! ഇടയന്റെ ജീവിതത്തിലെ ഭാഗമായിരുന്നു സിംഹങ്ങളെയും കരടികളെയും നേരിടുക എന്നത് - ദാവീദ് അവന്റെ ജോലി ചെയ്തു.

നിങ്ങളുടെ ജീവിതത്തെ നേരിടേണ്ടതിന് നിങ്ങൾ ഒരുക്കം നടത്തേണ്ടതു ഉള്ളിൽനിന്നാണ്. ആദ്യം ചെറിയ മല്ലന്മാരെ നേരിട്ടുകൊണ്ടാണ് നിങ്ങൾ ജീവിതത്തിലെ വലിയ മല്ലന്മാരെ നേരിടുവാൻ ഒരുങ്ങേണ്ടത്. നിങ്ങൾ നിങ്ങളുടെ ജീവിതത്തിലെ ചെറിയ പ്രശ്നങ്ങളെ അവഗണിച്ചുകൊണ്ടല്ല വലിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടത്, പിന്നെയോ അവയെ ദൈവസഹായത്താൽ കൃത്യമായി കൈകാര്യം ചെയ്തുകൊണ്ടാവണം.

ദൈവവുമായുള്ള ദാവീദിന്റെ ബന്ധം ഊട്ടി ഉറപ്പിച്ചുകൊണ്ടായിരുന്നു അവൻ ഗൊല്യാത്തിനെ നേരിടുവാൻ പ്രധാനപ്പെട്ട ഒരുക്കം നടത്തിയത്. അവൻ സിംഹത്തെയും കരടിയെയും കൊന്ന കാര്യം പറഞ്ഞപ്പോൾ, അവൻ ആർക്കാണ് ബഹുമതി കൊടുത്തതെന്നു ശ്രദ്ധിക്കുക: "സിംഹത്തിന്റെ കയ്യിൽനിന്നും കരടിയുടെ കയ്യിൽനിന്നും എന്നെ രക്ഷിച്ച *യഹോവ,* ഈ ഫെലിസ്ത്യന്റെ കയ്യിൽനിന്നും എന്നെ രക്ഷിക്കും" (17:37; എംഫസിസ് മൈൻ). ദാവീദ് ദൈവത്തിൽ വിശ്വസിച്ചിരുന്നു! "ലോകത്തെ ജയിച്ച ജയമോ - നമ്മുടെ വിശ്വാസം തന്നെ" (1 യോഹന്നാൻ 5:4).

ശൗലിന്റെ സൈന്യത്തിലുള്ളവർക്കില്ലാതിരുന്ന ദൈവവിശ്വാസം എങ്ങനെയാണ് ഈ കൗമാര - പ്രായത്തിലുള്ള ബാലൻ വളർത്തിയെടുത്തത്? അവന്റെ സഹോദരന്മാരും ശൗലും അവരുടെ വിശ്വാസം വളർത്തിയെടുത്ത വിധത്തിലായിരുന്നു അവൻ തന്റെ വിശ്വാസം വളർത്തിയത്, അതേ വിധത്തിലാണ് നാമും നമ്മുടെ വിശ്വാസം വളർത്തേണ്ടത്. അവൻ ദൈവത്തിലും അവന്റെ വചനത്തിലും[21] - കൂടാതെ അവനു ദൈവം നല്കിയ എല്ലാ വിജ

യത്തിലും അവനെ ധ്യാനിച്ചു.

നമ്മുടെ പ്രശ്നം എന്തെന്നാൽ നാം മറക്കേണ്ടത് ഓർമ്മിക്കുകയും ഓർമ്മിക്കേണ്ടത് മറക്കുകയും ചെയ്യും എന്നതാണ്. ദൈവം നമുക്കു നല്കിയ വിജയങ്ങളെ നാം മറക്കുകയും പരാജയങ്ങളെ ഓർമ്മിക്കുകയും ചെയ്യും. സി. എച്ച്. സ്പർജിയോൺ പറഞ്ഞു, "നാം നമ്മുടെ ഉപകാരങ്ങളെ പൊടിയിൽ എഴുതിയിടുകയും മുറിവുകൾ മാർബിളിൽ കൊത്തിയിടുകയും ചെയ്യും ... നാം ... നമ്മുടെ ക്ലേശങ്ങളെ പിത്തളയിലെഴുതും, എന്നാൽ ദൈവത്തിന്റെ വിടുതലുകളെ വെള്ളത്തിലും എഴുതും."[22] നാം നമ്മുടെ പരാജയങ്ങളെ ഓർത്തുകൊണ്ടിരിക്കാതെ, ദൈവം എങ്ങനെ നമ്മുടെ പ്രശ്നങ്ങളെ അതിജീവിക്കുവാൻ തുടർച്ചയായി സഹായിച്ചു എന്നു മനസിലാക്കാൻ ശ്രമിച്ചാൽ, ക്ഷണിക്കപ്പെടാതെ നമ്മുടെ ജീവിതത്തിൽ വന്നുമുട്ടുന്ന മല്ലന്മാരെ, നമുക്കു ജയിക്കുവാൻ കഴിയും.

## V. ഏറ്റവും നന്നായി ഒരുങ്ങുകയും ദൈവത്തിൽ ആശ്രയിക്കയും ചെയ്ക (17:37-47)

ശൗൽ നിരാശപ്പെട്ടിരുന്നേക്കാം; ഒരു മല്ലനോടു പോരാടുവാൻ ഒരു ബാലനെ[23] അയക്കുവാൻ മറ്റൊരു കാരണവും എനിക്ക് ആലോചിച്ചിട്ടു കിട്ടുന്നില്ല. ശൗൽ ദാവീദിനോടു പറഞ്ഞു, "ചെല്ലുക, യഹോവ നിന്നോടുകൂടെ ഇരിക്കും എന്നു പറഞ്ഞു" (17:37). രാജാവിന്നു വിശ്വാസഭാഷ[24] അറിയാം, എന്നാൽ വിശ്വാസജീവിതം അറിയില്ല എന്നതു വിരോധാഭാസമല്ലേ? യഹോവ ദാവീദിനോടുകൂടെ ഇരിക്കയും അവനു വിജയം നൽകുകയും ചെയ്യുമെന്നു വാസ്തവത്തിൽ ശൗൽ വിശ്വസിച്ചിരുന്നു എങ്കിൽ, ശൗൽ തീർച്ചയായും യുദ്ധത്തിനു പോകുമായിരുന്നു!

തന്നെ കുറിച്ചു തനിക്കു ചുറ്റും ഉണ്ടായിരുന്നവരുടെ ആത്മവിശ്വാസ കുറവിന് വിപരീതമായി ദാവീദിനുണ്ടായിരുന്ന ആത്മവിശ്വാസത്തിൽ നാം അതിശയിക്കുകയേ ഉള്ളൂ. ചുരുങ്ങിയതു മൂന്നു കാര്യങ്ങൾ കൊണ്ടായിരുന്നു ദാവീദിനു ആത്മവിശ്വാസമുണ്ടായിരുന്നത്. ഒന്നു, *അവന്റെ പരിശീലനം*[25] ആയിരുന്നു അവനു ആത്മവിശ്വാസം ഉണ്ടാകുവാൻ കാരണം. അതു 17:38, 39-ൽ സൂചിപ്പിച്ചിരിക്കുന്നു.

ശൗൽ തന്റെ ആയുധം ദാവീദിനെ ധരിപ്പിക്കുന്ന രസകരമായ സംഭവം ഈ വാക്യങ്ങളിൽ കാണാം. എന്തിനു വേണ്ടിയാണ് ശൗൽ തന്റെ ആയുധം ദാവീദിനെ അണിയിച്ചത് എന്നു എനിക്കറിയില്ല. ഒരുപക്ഷെ ശൗൽ ബഹുമതി കുറച്ചു പിടിച്ചുപറ്റുവാൻ ആഗ്രഹിച്ചിരുന്നിരിക്കാം (ചിലർ പറയുന്നതുപോലെ, "*എന്റെ* തോക്കുകൊണ്ടാണ് അയാൾ ആ കരടിയെ വെടി വെച്ചത്"). കാരണം എന്തായിരുന്നാലും,[26] ആയുധം ദാവീദിനെ അണിയിച്ചു - പടത്തൊപ്പിയും, വാളും, അതിനോടനുബന്ധിച്ച എല്ലാ ഉപകരണങ്ങളും അടക്കം. വേദഭാഗം പിന്നെ പറയുന്നു, "[അവൻ] നടപ്പാൻ *നോക്കി"* (17:39; എംഫസിസ് മൈൻ).[27] ശൗലിന്റെ 48 ഇഞ്ച് നീളത്തിൽ, സാധാരണ 34 ഇഞ്ച് നീളമുള്ള, ദാവീദിനെ ഒന്നു ഊഹിച്ചു നോക്കുക! അവനു നടക്കുവാൻ പോലും കഴിഞ്ഞില്ല, പിന്നെയല്ലേ യുദ്ധം ചെയ്യുന്നത്! ദാവീദ് ആയുധം അഴിച്ചു മാറ്റിയിട്ടു പറഞ്ഞു, ''ഞാൻ ശീലിച്ചിട്ടില്ലായ്കയാൽ, ഇതു ധരിച്ചു നടപ്പാൻ കഴികയില്ല എന്നു പറഞ്ഞു'' (17:39).

മറ്റൊരർത്ഥത്തിൽ, അവൻ പറഞ്ഞു, "എനിക്ക് അറിയാവുന്നതു ഞാൻ ചെയ്യാൻ പോകുകയാണ്." അവനു *അറിയാവുന്നതു* ചെയ്യുന്നതിൽ അവനു ആത്മവിശ്വാസമുണ്ടായിരുന്നു, അതിനാലായിരുന്നു അവൻ കഴിഞ്ഞകാലത്തു പരീക്ഷണങ്ങളെ അതിജീവിച്ചത്. എന്തായിരുന്നു അത്? തന്റെ കവിണയിൽ കല്ലു വെച്ച് വിടുവാൻ അവൻ പഠിച്ചിരുന്നു. തന്റെ പരിശീലനത്തിൽ അവനു ആത്മവിശ്വാസം ഉണ്ടായിരുന്നു.

ഇതു ഒരു രണ്ടാമത്തെ "ടി" യെ സൂചിപ്പിക്കുന്നു: *അവന്റെ ഉപകരണങ്ങൾ* നിമിത്തവും അവനിൽ ആത്മവിശ്വാസം ഉണ്ടായിരുന്നു. അവന്റെ ഏറ്റവും ഉഗ്രമായി ഉപയോഗിക്കാവുന്ന ഉപകരണം അപ്പോൾ അവന് ഇല്ലായിരുന്നു: അവന്റെ വടി[28]– സിംഹത്തെയും കരടിയെയും അതുപയോഗിച്ചാണ് അടിച്ചു കൊന്നത് (17:35).[29] എങ്ങനെയായാലും, അവന്റെ കയ്യിൽ, കവിണയുണ്ടായിരുന്നു (17:40).

"കവിണഏർ" എന്ന സൂത്രം നിങ്ങൾക്കു പരിചയമുണ്ടാകാം. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, ഞങ്ങൾ രണ്ടായി പിരിഞ്ഞ ഒരു കമ്പ് എടുത്ത്, അതിൽ പഴയ ചെരുപ്പിന്റെ റബ്ബർ വാറെടുത്ത്, അതിനു മദ്ധ്യേ വീതിയിൽ തോല്ക്കഷണം തുന്നിപ്പിടിപ്പിച്ചാണ് കവിണ ഉണ്ടാക്കിയിരുന്നത്. എന്നാൽ "ദാവീദിന്റെ കയ്യിൽ" ഉണ്ടായിരുന്നതു അതായി*രുന്നില്ല*. ദാവീദിന്റെ കയ്യിൽ ഒരു സഞ്ചിയും കവിണയും ആയിരുന്നു ഉണ്ടായിരുന്നത്. കവിണ ഉപയോഗിക്കുന്നതിനു, സഞ്ചിയിൽ ഒരു കല്ലിടുകയും, തോൽവാറിന്റെ രണ്ടറ്റവും കയ്യിൽ പിടിച്ചു, സഞ്ചിയെ കറക്കി, തോൽവാറിന്റെ ഒരറ്റം വലിച്ചു വിടുന്നു. ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, പഴയ ചെരിപ്പിന്റെ വാറുകളും ഷൂ ലേസുകളും കൂട്ടിക്കെട്ടി പലപ്പോഴും കവിണ ഉണ്ടാക്കി കളിച്ചിട്ടുണ്ട്. ആ വാറിൽ ഒരു ചെറിയ കല്ല് വെക്കും, കവിണ എന്റെ തലക്കു മുകളിൽ ചുഴറ്റി, ഒരറ്റം വലിച്ചു വിടും. കല്ല് മറ്റു ദിശയിലേക്കു പോയില്ലെങ്കിൽ ... ലക്ഷ്യത്തിലെത്തും. ഞാൻ പല സാധനങ്ങളും പൊട്ടിക്കുകയും അവസാനം അമ്മ അതെന്നെ നിർത്തുവാൻ നിർബന്ധിക്കുകയും ചെയ്തു. കണ്ടിട്ടുള്ളതിൽ വച്ച് അതു ഏറ്റവും കൈവിട്ട സൂത്രമായിരുന്നു!

എങ്ങനെയായാലും, ആ ഉറപ്പില്ലാത്ത ഉപകരണം കൊണ്ട്, കൃത്യത വളർത്തിയെടുക്കുവാൻ ചിലർക്കു സാധിച്ചിട്ടുണ്ട്. ന്യായാധിപന്മാർ 20:15, 16-ൽ എഴുന്നൂറു ഇടതുകയ്യന്മാരായ ബെന്യാമീന്യക്കാരെക്കുറിച്ചു പറയുന്നു, "അവർ എല്ലാവരും ഒരു രോമത്തിനു പോലും ഏറുപിഴെക്കാത്ത കവിണക്കാർ ആയിരുന്നു"! റോയ് ഒസ്ബൺ ഒരിക്കൽ പാലസ്തീൻ[30] സന്ദർശിക്കുകയായിരുന്നു. ഒരു മലഞ്ചെരുവിൽ തണലിൽ ഇരുന്നു ആടുകളെ മേയ്ക്കുന്ന ഒരു ബാലനെ അയാൾ കണ്ടു. അവന്റെ ആടുകൾ സുവിസ്തൃതമായി മേയുകയായിരുന്നു. ആ കുട്ടി തന്റെ ആടുകളെ നിയന്ത്രിച്ചിരുന്നതു തന്റെ കവിണകൊണ്ടായിരുന്നു. കൂട്ടത്തിലെ ഒരാടു തെറ്റിപ്പോയാൽ, അതിനെ കൂട്ടത്തിലേക്കു മടക്കി വരുത്തുന്നതു കവിണയിൽ കല്ലുവെച്ച് തെറ്റിപ്പോയ ആടിനു മുൻപെ എറിഞ്ഞു അതിനെ ഭയപ്പെടുത്തി കൊണ്ടാണ്. റോയ് ആ ബാലന്റെ അടുക്കൽ ചെന്നു, ദൂരെ ഒരു അത്തി കാണിച്ചു, അതിലേക്കു കവിണയിൽ കല്ലു വെച്ചു എറിയുവാൻ ആവശ്യപ്പെട്ടു. ആ കുട്ടി കവിണയിൽ കല്ലു വെച്ചു, ചുഴറ്റി അത്തിയിലേക്കു എറിഞ്ഞു. കുട്ടി പോയി – നോക്കിയപ്പോൾ ആ അത്തിയുടെ നടുവിൽ തന്നെ കല്ലു പതിച്ചതായി കണ്ടു.

സ്പഷ്ടമായും ദാവീദ് അത്തരം വിരുത് ആയിരുന്നു വളർത്തിയെടു

ത്തത്. ''പിന്നെ അവൻ തന്റെ വടി എടുത്തു തോട്ടിൽനിന്നു മിനുസമുള്ള[31] അഞ്ചു കല്ലും തിരഞ്ഞെടുത്തു, ഇടയസഞ്ചിയായ പൊക്കണത്തിൽ ഇട്ടു, കയ്യിൽ കവിണയുമായി ഫെലിസ്ത്യനോടു അടുത്തുത്തു" (17:40). ദാവീദ് താഴ്‌വരയിലേക്കു ഇറങ്ങിച്ചെന്നതു കയ്യിൽ ഒരു വടിയുമായിട്ടാണ് – അത് ആയുധമായിരുന്നില്ല, പിന്നെയോ അവൻ നടക്കുവാനുപയോഗിക്കുന്ന വടിയായിരുന്നു. അവൻ ആ താഴ്‌വരയുടെ മദ്ധ്യത്തിലെത്തിയപ്പോൾ, തോട്ടിൽനിന്നു അഞ്ചു കല്ലുകളും തിരഞ്ഞെടുത്തു. കയ്യിൽ കിട്ടിയതു പെറുക്കിയെടുക്കുന്നതിനുപകരം അവൻ തിരഞ്ഞെടുക്കുകയായിരുന്നു എന്നതു ശ്രദ്ധിക്കുക. അവൻ ഒരു കല്ല് എടുത്തു. "ഇല്ല, ഇതു മതിയാകയില്ല." പരിശോധിച്ചിട്ടു അതു വശത്തേക്കു എറിഞ്ഞു. അവൻ അടുത്തത് എടുത്തു. "ചിലപ്പോൾ." അതെടുത്തശേഷം മറ്റൊന്നിന്റെ ഗുണം നോക്കി കാണും. ശ്രദ്ധയോടെ, അവൻ ഒന്ന്, രണ്ട്, മൂന്നു, നാലു, അഞ്ച് എന്നിങ്ങനെ കൃത്യമായും ആവശ്യമുള്ള കല്ലുകൾ അവൻ തിരഞ്ഞെടുത്തു. അവന്റെ കയ്യിൽ എപ്പോഴും ചെറിയ ഇടയസഞ്ചി കാണും. സാധാരണ അവൻ അതിൽ വെക്കാറുള്ളത് അവന്റെ ഉച്ചഭക്ഷണമാണ്, പക്ഷെ ഇന്ന് അതിൽ അഞ്ചു കല്ലുകളാണിട്ടത്, അവൻ ഇപ്പോൾ മല്ലനു വേണ്ടി ഒരുങ്ങിക്കഴിഞ്ഞു.

ആ ബാലൻ താഴ്‌വരയിലെ അരുവിക്കരികിലേക്കിറങ്ങി,[32] കല്ലുകൾ പെറുക്കി നീങ്ങുന്നത്, രണ്ടു സൈന്യത്തിലേയും ആളുകൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ആ മൽസരത്തിൽ അസാധാരണമായി ആളുകൾ നോക്കിക്കണ്ടത് എന്താണെന്നു ഊഹിച്ചു നോക്കുവാൻ പറ്റുന്നുണ്ടോ? അവൻ ആ അഞ്ചു കല്ലുകളുമായി ആ മല്ലന്റെ അടുക്കലേക്കു പോയപ്പോൾ, "നഷ്ടപരിഹാര പണം" എവിടെയായിരിക്കും എന്നാണ് നിങ്ങൾ കരുതുന്നത്?

ഒരുപക്ഷെ, ദാവീദ് ആത്മവിശ്വാസത്തോടെ മുൻപോട്ടു നീങ്ങിയപ്പോൾ, അതു അവന്റെ ഉപകരണങ്ങളും പരിശീലനവും കൊണ്ടുമാത്രമായിരുന്നില്ല. *അവന്റെ ആശ്രയം* നിമിത്തമായിരുന്നു അവനു പ്രധാനമായും ആത്മവിശ്വാസം ഉണ്ടായത്. അവൻ തന്റെ ദൈവത്തിൽ ആശ്രയിച്ചിരുന്നു.

രണ്ടു മത്സരാർത്ഥികളും തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നതാണ് വാക്യങ്ങൾ 40 ഉം 41 ഉം: "തന്റെ കവിണ അവന്റെ കയ്യിലുണ്ടായിരുന്നു; അവൻ ഫെലിസ്ത്യനെ സമീപിച്ചു. അപ്പോൾ ഫെലിസ്ത്യൻ തന്റെ മുൻപിൽ നടക്കുന്ന പരിചക്കാരനുമായി, ദാവീദിന്റെ അടുക്കലേക്കു വന്നു." പടിഞ്ഞാറുനിന്നു, വലിയ ആയുധധാരിയായ ചാമ്പ്യൻ, വലിയ ചിറകുള്ള ശൂലവും സൂര്യപ്രകാശത്തിൽ തിളങ്ങുന്ന പടത്തൊപ്പിയും ധരിച്ചു വന്നു. കിഴക്കുനിന്നു ചുവന്ന-കവിളുള്ള ഒരു ചെറിയ ബാലൻ മേലങ്കി ധരിച്ചു ചെരുപ്പുമിട്ട്, ആട്ടിന്റെ രോമമുള്ള കവിണയുമായെത്തി.[33]

മല്ലൻ ദാവീദിനെ കണ്ടപ്പോൾ, അവനെ പരിഹസിച്ചു.

> ഫെലിസ്ത്യൻ നോക്കി ദാവീദിനെ കണ്ടപ്പോൾ, അവനെ നിന്ദിച്ചു; അവൻ തീരെ ബാലനും, പവിഴനിറമുള്ളവനും, കോമളരൂപനും ആയിരുന്നു. ഫെലിസ്ത്യൻ ദാവീദിനോട് ചോദിച്ചു, "നീ വടികളുമായി എന്റെ നേരെ വരുവാൻ, ഞാൻ നായോ?" തന്റെ ദേവന്മാരുടെ നാമം ചൊല്ലി അവനെ ശപിച്ചു (17:42, 43).

തന്റെ ദേവന്മാരെ ചൊല്ലി – ദാഗോൻ, ബാൽ, മറ്റുള്ളതും – ഗൊല്യാത്ത് ദാവീദിനെ ശപിച്ചപ്പോൾ അവൻ ഒരു വലിയ തെറ്റു ചെയ്തു. അവൻ സൈന്യപരമായ കൂട്ടിമുട്ടൽ ദൈവശാസ്ത്രപരമായ മത്സരത്തിലേക്കു തിരിക്കുകയാണ് ചെയ്തത്! അതു "ദൈവവും ദേവന്മാരും തമ്മിലുള്ള" എതിരിടലായി (ഇംഗ്ലീഷിൽ ചെറിയ "ജി").

ഗൊല്യാത്ത് ദാവീദിനെ ഭീഷണിപ്പെടുത്തുവാൻ ശ്രമിച്ചു: "ഇങ്ങോട്ടു വാ, ഞാൻ നിന്റെ മാംസം ആകാശത്തിലെ പക്ഷികൾക്കും കാട്ടിലെ മൃഗങ്ങൾക്കും ഇരയാക്കുന്നുണ്ട് എന്നു പറഞ്ഞു" (17:44).[34] നേരിടുന്ന വെല്ലുവിളിയാൽ നമുക്കു ഭയം ഉണ്ടാകും, ഇല്ലേ? നമ്മുടെ മുട്ടുകൾ കൂട്ടി ഇടിക്കുന്നതു നമുക്കു നിർത്തുവാൻ കഴിഞ്ഞാൽ പലപ്പോഴും നമുക്കു മല്ലന്മാരെ നേരിടുവാൻ സാധിക്കും.

അടവു എന്നിൽ പ്രയോഗിക്കുമായിരുന്നു. ഒമ്പതര-അടിയുള്ള മല്ലൻ എന്റെ മാംസം പക്ഷികൾക്കു എറിഞ്ഞു കൊടുക്കുമെന്നു പറഞ്ഞാൽ ഞാൻ സ്തംഭിച്ചു പോകുമായിരുന്നു. ദാവീദ് ഭയപ്പെടുന്നതിനുപകരം, എങ്ങനെയായാലും, ഗൊല്യാത്തിന്റെ ഭീഷണിയെ നേരിട്ടതു ബൈബിളിലെ ഏറ്റവും വലിയ വിശ്വാസപ്രയോഗവുമായിട്ടായിരുന്നു.

> ദാവീദ് ഫെലിസ്ത്യനോടു, "നീ വാളും, വേലും, കുന്തവുമായി എന്റെ അടുക്കൽ വരുന്നു, ഞാനോ നീ നിന്ദിച്ചിട്ടുള്ള, യിസ്രായേൽ മക്കളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ, നിന്റെ നേരെ വരുന്നു. യഹോവ ഇന്നു നിന്നെ എന്റെ കയ്യിൽ ഏല്പിക്കും, ഞാൻ നിന്നെ കൊന്നു തല ഛേദിച്ചു കളയും.[35] ... യിസ്രായേലിൽ ഒരു ദൈവം ഉണ്ടെന്നു സർവ്വ ഭൂമിയും അറിയും, യഹോവ വാൾ കൊണ്ടും കുന്തംകൊണ്ടുമല്ല രക്ഷിക്കുന്നതെന്നു ഈ സംഘമെല്ലാം അറിവാൻ ഇടവരും; യുദ്ധം യഹോവക്കുള്ളത് അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചുതരും" (17:45–47).

"യുദ്ധം യഹോവക്കുള്ളത്." നിങ്ങൾ ആ വേദഭാഗത്തിൽ അടിവര യിട്ടില്ലെങ്കിൽ, ഇപ്പോൾ ഇടുക. ദാവീദ് നിസാരമായ തത്വത്തിലാണ് ജീവിച്ചത്. അവനു ഒന്നും തെളിയിക്കാനില്ല, നഷ്ടപ്പെടുവാനുമില്ല. അവൻ ആരെയും പ്രീതിപ്പെടുത്തുവാനല്ല ശ്രമിച്ചത്. അവൻ തന്റെ ദൈവത്തിനു വേണ്ടി മാത്രം നിന്നു. സ്വർഗ്ഗത്തിൽ ഒരു ദൈവമുണ്ടെന്നും വിജയം അവന്റേതാണെന്നും എല്ലാവരും അറിയുവാൻ അവൻ ആഗ്രഹിച്ചു.

ജീവിതത്തിൽ നേരിടുന്ന വെല്ലുവിളികളെ നിങ്ങൾ തന്നെ നേരിടുവാൻ ഒരുങ്ങണം എന്നു ഞാൻ പറഞ്ഞുവല്ലൊ. നിങ്ങളുടെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു അവസ്ഥയിൽ, എങ്ങനെയായാലും, ഒരു സ്ഥലത്തുവച്ച്, നിങ്ങൾ ഒരു അജാനുബാഹുവായ മല്ലനെ നേരിടേണ്ടിവരുമ്പോൾ, നിങ്ങളുടെ പരിശീലനങ്ങളും, ഒരുക്കങ്ങളും ഒന്നും മതിയായതല്ല എന്നു കാണും. അപ്പോൾ ഇതു പ്രധാനമായും ഓർമ്മിക്കുക: "യുദ്ധം യഹോവക്കുള്ളത്"! അവസാനം ആത്മവിശ്വാസത്തോടെ ജീവിക്കുവാനുള്ള വഴി ആശ്രയിക്കുക എന്നതാണ് – ദൈവത്തിൽ ആശ്രയിക്കുക. നാം *പാടും* "വിശ്വാസം വിജയമാണ്"[36]; ദാവീദ് അതുപോലെയാണ് *ജീവിച്ചത്.*

## VI. നിങ്ങൾക്ക് ഒരു മല്ലനുണ്ടെങ്കിൽ, അതിനെ *ഉടൻ* നേരിടുക (17:48-51)

അഞ്ചു മിനുസമുള്ള കല്ലുകൾ ദാവീദ് തിരഞ്ഞെടുത്തു കഴിഞ്ഞയുടനെ, പിന്നെ മടിച്ചില്ല; അവൻ ഗൊല്യാത്തിനെ കാണുവാൻ *ഓടി.*

> പിന്നെ ഫെലിസ്ത്യൻ ദാവീദിനോടു എതിർപ്പാൻ നേരിട്ടടുത്തപ്പോൾ, ദാവീദ് ബദ്ധപ്പെട്ടു ഫെലിസ്ത്യനോടു എതിർപ്പാൻ അണിക്കു നേരെ ഓടി. ദാവീദ് സഞ്ചിയിൽ കയ്യിട്ടു ഒരു കല്ലെടുത്തു, കവിണയിൽ വെച്ചു വീശി ഫെലിസ്ത്യന്റെ നെറ്റിക്കു നേരെ എറിഞ്ഞു. കല്ലു അവന്റെ നെറ്റിയിൽ കൊണ്ടു പതിഞ്ഞു, അവൻ കവിണ്ണുവീണു. (17:48, 49).

ദാവീദ് തന്റെ ഇടയസഞ്ചിയിലേക്കു കൈയ്യിട്ടു, വലിയ ഒരു കല്ലിനുവേണ്ടി പരതി, അതിനെ പുറത്തെടുത്തു, കവിണയുടെ തോലുറയിൽ ഇട്ടു, പിന്നെ കവിണ തന്റെ തലക്കു ചുറ്റും വീശുവാൻ തുടങ്ങി. കവിണ വലിയുവാൻ തുടങ്ങി, പിന്നെ മൂളൽ ശബ്ദം കേൾക്കുവാൻ തുടങ്ങി. പിന്നെ - മുഴക്കം കേട്ടു! - ദാവീദ് കല്ല് അയച്ചുവിട്ടു. അതു വായുവിലൂടെ വാണ വേഗത്തിൽ പാഞ്ഞു ഗൊല്യാത്തിന്റെ നെറ്റിയിൽ പതിച്ചു. വെടിയേറ്റതുപോലെ ഗൊല്യാത്ത് നിലംപതിച്ചു. മല്ലൻ നിലത്തു ശബ്ദത്തോടെ വീണപ്പോൾ, ഭൂമി നടുങ്ങിപ്പോയി.

ദാവീദിന്റെ ജോലി ഇനിയും പൂർത്തിയായില്ല. മല്ലൻ ബോധം കെട്ടിട്ടേയുള്ളൂ. വീണ്ടും ദാവീദ് *ഓടി* (17:51). വീണ ശരീരത്തിന്റെ അടുത്തേക്കു അവൻ അതിവേഗം ഓടിയെത്തി. അവന്റെ കയ്യിൽ വാളുണ്ടായിരുന്നില്ല,[37] അതുകൊണ്ടു അവൻ ഗൊല്യാത്തിന്റേതു എടുത്തു. ("ഞാൻ നിന്റെ വാളൊന്നു കടം വാങ്ങി, നിന്റെ തല ഛേദിക്കട്ടെ? നിനക്കു നന്ദി.") അതുകൊണ്ടു "ശക്തിയായി പ്രഹരിച്ചു!" അവന്റെ തന്റെ ആ വലിയ ജോലി പൂർത്തിയാക്കി.

ഈ നാടകീയജയം നമ്മെ പഠിപ്പിക്കുന്നതെന്തെന്നാൽ അന്തിമവിജയം വലുപ്പത്തെയോ ശാരീരിക സാമർത്ഥ്യത്തെയോ ആശ്രയിച്ചല്ല, പിന്നെയോ ദൈവവുമായുള്ള ബന്ധത്തെ ആസ്പദമാക്കിയാണിരിക്കുന്നത്. നാം അത് ഒരിക്കലും മറക്കരുത്! നിങ്ങൾക്ക് എതിരിടുവാൻ ഒരു മല്ലൻ ഉണ്ടാകുമ്പോൾ, അതിനെ ഒഴിവാക്കരുത് എന്നുകൂടെ വിജയം നമ്മെ പഠിപ്പിക്കുന്നു. ഓരോ ദിവസത്തെയും വെല്ലുവിളി നേരിടുന്നതു നാം ഒഴിവാക്കിയാൽ, ആ മല്ലൻ പിന്നെയും മൂന്നടി വളർന്നുപൊങ്ങും! ഓരോ ദിവസം കഴിയുന്തോറും, പ്രശ്നപരിഹാരം വിഷമകരമായിത്തീരും. നിങ്ങളുടെ മല്ലന്മാരെ ദൈവസഹായത്തോടെ നേരിടുക - അവയെ ഉടനെതന്നെ നേരിടുക!

## VII. ഒരു വിജയം മറ്റൊന്നിനായി ഒരുക്കുന്നു (17:51-54)

ദാവീദിന്റെ ജീവിതത്തിലുടനീളം, ഒരു വിജയം അവനെ മറ്റൊന്നിനായി ഒരുക്കി. ഈ നിമിഷത്തിനായി അവനെ ഒരുക്കിയതു സിംഹത്തെയും കരടിയെയും നേരിട്ടു വിജയിച്ചതായിരുന്നു. ഇപ്പോഴത്തെ ഈ വിജയം അവനെ മറ്റു വിജയങ്ങൾക്കായി ഒരുക്കുകയായിരുന്നു. ആദ്യമായി, ദാവീദിന്റെ

വിജയം യിസ്രായേലിന്റെ സൈന്യത്തെ സഹായിച്ചു. ലിൻ ആന്റേഴ്സൺ ഇതിനെക്കുറിച്ചു പറഞ്ഞ രീതി എനിക്കിഷ്ടമാണ്: ''ദാവീദിന്റെ പ്രവൃത്തി *ധൈര്യപൂർവ്വം* മാത്രമായിരുന്നില്ല; അതു *പകരുന്നതു*മായിരുന്നു.''[38]

ദാവീദ് ഗൊല്യാത്തിനെ വകവരുത്തിയശേഷമുള്ള രംഗത്തെ എനിക്ക് ഊഹിക്കുവാൻ കഴിയും. അവൻ ഫെലിസ്ത്യസൈന്യത്തെ നോക്കി; അവർ അതിശയത്തോടെ കണ്ണുതള്ളി, വായും തുറന്നു അവിടെ നില്ക്കുകയായിരുന്നു. ദാവീദ് തന്റെ കയ്യിലെ മറ്റൊരു കല്ലെടുത്ത്, പൊക്കി കയ്യിലേക്ക് എറിഞ്ഞു വീഴ്ത്തിക്കൊണ്ടു, ഉച്ചത്തിൽ പറഞ്ഞു, “ഇനി ഏതെങ്കിലും മല്ലൻ വരുവാനായിട്ടുണ്ടോ?[39] ഉണ്ടെങ്കിൽ എന്റെ കയ്യിൽ ഇനി നാലു കല്ലു കൂടെയുണ്ട്!” വേദഭാഗം പറയുന്നതു, “തങ്ങളുടെ മല്ലൻ മരിച്ചു പോയി എന്നു ഫെലിസ്ത്യർ കണ്ടിട്ടു, ഓടിപ്പോയി” എന്നാണ് (17:51).[40] പിന്നെ, ഭയന്നിരുന്ന യിസ്രായേല്യർ, മലഞ്ചരുവിൽ നിന്നു, നിലവിളിച്ചു, “ഒരു മല്ലനെ തരൂ! എനിക്കും ഒരാളെ വേണം!” “യിസ്രായേല്യരും യെഹൂദ്യരും പുറപ്പെട്ടു ഫെലിസ്ത്യരെ പിൻതുടർന്നു” (17:52). ദാവീദിന്റെ മാതൃക തന്റെ സഹ യിസ്രായേല്യരെ ധൈര്യപ്പെടുത്തി.

ദാവീദിന്റെ വിജയം പിന്നീടുള്ള അവന്റെ യുദ്ധത്തിൽ അവനെ ഉത്തേജിപ്പിക്കുന്നതുമായിരുന്നു. വാക്യം 54 പറയുന്നു, “എന്നാൽ ദാവീദ് ഫെലിസ്ത്യന്റെ തല യെരുശലേമിലേക്കു കൊണ്ടുവന്നു, എന്നാൽ അവന്റെ ആയുധങ്ങളോ അവൻ തന്റെ കൂടാരത്തിലേക്കു കൊണ്ടു വന്നു.” ഗൊല്യാത്തിന്റെ തല യെരുശലേമിൽ എത്തിച്ചു.[41] (അവൻ തല എന്തുകൊണ്ടാണ് വീട്ടിലേക്കു കൊണ്ടുവരാതിരുന്നത്? അവന്റെ അമ്മ അതുമായി അവനെ സ്വാഗതം ചെയ്യുമെന്നു ഞാൻ കരുതുന്നില്ല!) എങ്ങനെയായാലും, ഗൊല്യാത്തിന്റെ ആയുധങ്ങൾ, അവൻ കൂടാരത്തിലേക്കു കൊണ്ടുവന്നു.[42] ഓരോ രാത്രിയും അവൻ കിടക്കയിലേക്കു പോകുമ്പോൾ, ആ ആയുധങ്ങളെ നോക്കി അവൻ പറയും, “ദൈവമാണ് എനിക്കു വിജയം നൽകിയത്. യുദ്ധം യഹോവക്കുള്ളത്!” ഓരോ പ്രഭാതത്തിലും ഉണരുമ്പോൾ, ആ ആയുധങ്ങളെ നോക്കി പറയും, “ദൈവം ആണ് വിജയം നൽകിയത്. യുദ്ധം യഹോവക്കുള്ളത്!” നീ ദൈവത്തോടുകൂടെ ആണെങ്കിൽ, വിജയം നിനക്ക് ഉറപ്പാണ്, എന്നതു പ്രഭാതത്തിലും പ്രദോഷത്തിലും, ദിവസത്തിലേക്കു പ്രവേശിക്കുമ്പോഴും ദിവസം അവസാനിക്കുമ്പോഴും അവനെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

ഓരോ സമയവും ദൈവം നിങ്ങൾക്കു വിജയം നൽകുമ്പോൾ, ആ മഹാത്ഭുതത്തിന്റെ വിശദാംശങ്ങൾ നിങ്ങളുടെ ഉള്ളിൽ വരച്ചിടുക. നിങ്ങൾക്കു ലഭിക്കുന്ന ഒരൊറ്റ വിജയം പോലും നിങ്ങൾ പാഴാക്കി കളയരുതെന്നാണ് ദൈവം ആഗ്രഹിക്കുന്നത്; അവൻ പറയുന്നു, “അതു മറക്കാതിരിക്കുക!” നിങ്ങളുടെ ഭാവി പോരാട്ടങ്ങളിൽ മറ്റൊന്നും നിങ്ങളെ കൂടുതൽ ശക്തീകരിക്കയില്ല!

### ഉപസംഹാരം

“ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അനവധിപേർ പ്രശ്നങ്ങളാൽ വിഷമിച്ചുകൊണ്ടിരിക്കുന്നു - ആ പ്രശ്നങ്ങൾ ചിലപ്പോൾ അവരെ കീഴ്പ്പെടുത്തുന്നതായും തോന്നിപ്പോകുന്നു. ദൈവമേ അങ്ങ് ഓരോരുത്തരുടേയും കൂടെ ഇരുന്നു ശക്തീകരിക്കേണമേ. ജീവിതത്തിൽ സംഭവിക്കുന്നതിനെയെല്ലാം നേരിടുവാൻ ഒരുക്കേണ്ടതിന് ഞങ്ങളെ ഓരോരുത്തരെയും സഹാ

യിക്കേണമേ, എന്നാൽ അവസാനം, ഞങ്ങൾക്കു വിജയം ഉണ്ടാകേണ്ടതിന്, അങ്ങിൽ ആശ്രയിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ. അങ്ങു ഞങ്ങളോടുകൂടെ ഉണ്ടെങ്കിൽ, ഒന്നും അസാധ്യമല്ല എന്നു ഗ്രഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. പ്രത്യേകമായി ഞങ്ങളെ അനുഗ്രഹിക്കേണമേ. യേശുവിന്റെ നാമത്തിൽ തന്നേ. ആമേൻ.''

മല്ലനെ നേരിടേണ്ടിവരുന്നതു ഒറ്റക്കായിരിക്കാം. ദാവീദ് യുദ്ധക്കളത്തിലേക്കു പോയപ്പോൾ, അവനോടുകൂടെ ശൗലും സൈന്യവും ഇല്ലായിരുന്നു. ദൈവം ഒഴിച്ച് – അവൻ ഒറ്റക്കായിരുന്നു. മല്ലന്മാരെ നേരിടുവാൻ, നിങ്ങൾക്കു ദൈവം വേണം!

---

കുറിപ്പുകൾ

[1]ഈ പാഠത്തിന്റെ ഒരു – പേജുള്ള ഒരു ബാഹ്യരൂപരേഖ വന്നിട്ടുള്ളത് *ട്രൂത്ത് ഫോർ ടുഡേ*യിൽ (ജൂൺ 1993), 19. ഈ പാഠത്തിൽ ഉപയോഗിച്ച അധികം കാര്യങ്ങളും പല ഉറവിടങ്ങളിൽ വന്നിട്ടുള്ളതാണ്, ആരംഭ ഉറവിടത്തിനു എനിക്കു ബഹുമതിയില്ല. [2]ഫെലിസ്ത്യരുമായുണ്ടായിരുന്ന യുദ്ധം തുടർസംഭവമായിരുന്നു (നോക്കുക 1 ശമുവേൽ 14:52). മിഹ്മാശിൽ വെച്ചു ശൗൽ ഫെലിസ്ത്യരെ പരാജയപ്പെടുത്തിയതുമുതൽ നീണ്ട ഇരുപത്തി – ഏഴു വർഷം യുദ്ധം ചെയ്തിരുന്നു. [3]യെഹൂദ്യയുടെ വടക്കു പടിഞ്ഞാറായി സ്ഥിതി ചെയ്തിരുന്ന താഴ്വരയായിരുന്നു ഏലാ. അതു ഫെലിസ്ത്യ സമതലങ്ങളിൽനിന്നു യെഹൂദ്യയിലെ ഉയർന്ന പ്രദേശങ്ങളിലേക്കുള്ള മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു. [4]ഒരു "മുഴം" എന്നു പറയുന്നതു കൈമുട്ടുമുതൽ നടുവിരലിന്റെ അറ്റം വരെയുള്ള, ഏകദേശം പതിനെട്ടിഞ്ചാണ്. ഒരു "ചാൺ" എന്നു പറയുന്നതു ഒരു കയ്യുടെ വീതിയാണ്, ഏതാണ്ട് ഒമ്പതു ഇഞ്ച് വരും. ഇന്നത്തെ ഏറ്റവും പൊക്കമുള്ള ബാസ്ക്കറ്റു കളിക്കാരനു ഏതാണ്ട് ഏഴടിയേക്കാൾ അല്പം കൂടെ വരും. ഇന്നു ജീവനുള്ളവരിൽ ഏറ്റവും പൊക്കമുള്ളയാളുടെ ഉയരം എട്ട് അടിയിലും അല്പം മീതെയാണ്. ഗൊല്യാത്ത് വലിയ ഉയരമുള്ള വ്യക്തിയായിരുന്നു! യാദൃശ്ചികമായി, ഭൂഗർഭശാസ്ത്രജ്ഞന്മാർക്ക് ഫെലിസ്ത്യർ ജീവിച്ചിരുന്ന സ്ഥലത്തുനിന്നു അത്രത്തോളം ഉയരമുള്ളവരുടെ അസ്തികൂടങ്ങൾ ലഭിച്ചിട്ടുണ്ട്. [5]ഒരുപക്ഷെ ഇരുന്നൂറു പൗണ്ടോളം തൂക്കം വരുന്ന ആയുധങ്ങൾ അവൻ ധരിച്ചിരുന്നു എന്നു പറയുന്നതു യുക്തിപരമായി വിശ്വസിക്കാവുന്നതാണ്. [6]അവന്റെ കാലിൽ പിത്തളരക്ഷാകവചവും ഉണ്ടായിരുന്നു (17:6); അതു കാൽപാദങ്ങളെ സംരക്ഷിച്ചിരുന്നു. [7]ശരീരത്തിനുള്ള പ്രത്യേകമായ മേലങ്കി തോലുകൊണ്ടുള്ളതായിരുന്നു. പിന്നെ ലോഹതകിടുകളെ തോൽവാറുകൊണ്ടു മുറുക്കിയിരുന്നു. ആ ആയുധം ഏതാണ്ടു മുട്ടുവരെ ഉണ്ടാകും. [8]വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്ത തൂക്കം നിലവിലുള്ളതുകൊണ്ടു, ഒരാൾക്ക് അയ്യായിരം ശേക്കേൽ പിത്തളയുടെ തൂക്കം കൃത്യമായി പറയാവുന്നതല്ല (17:5). ചിലർ അതു ഇരുനൂറു പൗണ്ടു തൂക്കം വരുമെന്നു കണക്കാക്കിയിരിക്കുന്നു. [9]ദ കെജെവിയിൽ ''ടാർഗി'' എന്നാണ്. [10]അറുന്നൂറു ശേക്കേൽ ഇരുമ്പിന്റെ തൂക്കം കണക്കാക്കിയതു ഊഹമാണ് (17:7). ചിലർ ഈ തൂക്കം ഇരുപത്തി –അഞ്ചു പൗണ്ടായി കണക്കാക്കിയിരിക്കുന്നു.

[11]ചില എഴുത്തുകാർ അവന്റെ പ്രായം ഇരുപതിനും ഇരുപത്തി അഞ്ചിനും ഇടയ്ക്കു വരുമെന്നു കണക്കാക്കിയിരിക്കുന്നു. [12]ഒ.വാ. 1 ശമുവേൽ 16:23. [13]വിരൂപിയായ ഒരു മകളെ വെറുതെ ഒഴിവാക്കുവാനല്ല ശൗൽ ശ്രമിച്ചത്! അതൊരു പരീക്ഷണപ്രോത്സാഹനമായിരുന്നു. ഒരാൾ രാജാവിന്റെ മകളെ വിവാഹം കഴിച്ചാൽ, അയാൾ രാജകുടുംബത്തിന്റെ ഭാഗമായിതീർന്നിരുന്നു. [14]1 ശമുവേൽ 10:23. [15]1 ശമുവേൽ 17:11. [16]*ദ ബാർക്ക്ലേ വെർഷൻ*

*ഇൻ മോഡേൺ ഇംഗ്ലീഷ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1960) ൽ ഉള്ളത് ''വൈ ഹാവ് യു *റിയലി* കം?'' (എംഫസിസ് മൈൻ.) [17]നോക്കുക 1 ശമുവേൽ 16:6, 7. [18]നോക്കുക 1 ശമുവേൽ 17:29. [19]സഭയിൽ നാം ഇതു പഠിക്കേണ്ടതുണ്ട്. നമുക്കെതിരെയുള്ള മല്ലന്മാരെ കാണാതെ ചിലപ്പോൾ നാം അന്യോന്യം കലഹിക്കാറുണ്ട്! [20]ഈ അദ്ധ്യായം 1 ശമുവേൽ 16:7-ലെ സത്യമാണ് ചിത്രീകരിക്കുന്നത്.

[21]റോമർ 10:17. [22]സി. എച്ച്. സ്പർജിയോൺ, *ദ ട്രഷറി ഓഫ് ദ ബൈബിൾ*, വാല്യം. 1 (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1968), 660. [23]അടുത്ത രാജാവായി അഭിഷേകം ചെയ്യുന്നത് ദാവീദിനെയാണെന്നു ശൗൽ മുൻകൂട്ടി അറിഞ്ഞിരുന്നു എന്നു ചിലർ സൂചിപ്പിക്കുന്നു - അങ്ങനെ ദാവീദിനെ മല്ലന്റെ അടുക്കൽ യുദ്ധത്തിന് അയച്ചത്, അവൻ കൊല്ലപ്പെടും എന്നു കരുതിയാണ്. എനിക്കു, അങ്ങനെ തോന്നുന്നില്ല കാരണം ശൗലിന്റെ തുടർപ്രവൃത്തികൾ ആ ലക്ഷ്യവുമായി യോജിക്കുന്നതായിരുന്നില്ല. ദാവീദ് പിടിവാശി പിടിച്ചതുകൊണ്ടു, അവനു അവസരം നല്കേണ്ടതില്ല എന്നു കരുതിയെങ്കിലും ശൗലിനു അവസാനം അനുവദിച്ചു കൊടുക്കേണ്ടി വന്നു എന്നും ചിലർ പറയുന്നു. ''ഓകെ, ഓകെ. നീ പോയി പരിശ്രമിച്ചു നോക്കുക.'' [24]നോക്കുക 1 ശമുവേൽ 23:21. [25]ഈ ഭാഗത്തിലെ മൂന്നു ''റ്റീ'' എന്നതു എടുത്തിരിക്കുന്നതു ലിൻ ആന്റേർസണിന്റെ, ''ഫെയിസിങ്ങ് ജയന്റ്സ്'' എന്നതിൽനിന്നാണ് (എൻ.പി., എൻ.ഡി.), സൗണ്ട് കാസറ്റ്. [26]ഒരു യുദ്ധത്തിൽ പോരാടുവാനുള്ള സുരക്ഷിതത്വത്തിനു വേണ്ട ആയുധം ധരിക്കുവാനുള്ള ശക്തിയില്ല എന്നു കാണിച്ചു, നിരുത്സാഹിപ്പിക്കുവാനായിരുന്നു ശൗൽ തന്റെ ആയുധം ദാവീദിനെ ധരിപ്പിച്ചതെന്നു പറയപ്പെടുന്നുണ്ട്. [27]ദ കെജെവിയിൽ പറയുന്നതു, ''അവനെ രാസപരിശോധന ചെയ്തയച്ചു'' എന്നാണ്. [28]1 ശമുവേൽ 17:40-ലെ ''വടി'' അവൻ ഇടയനായിരുന്നതുകൊണ്ട്, ഒരുപക്ഷെ ആടുകളെയും കൊണ്ടു നടക്കുന്ന വടിയായിരിക്കാം (നോക്കുക കെജെവി). [29]കൂടാതെ നോക്കുക സങ്കീർത്തനങ്ങൾ 23:4. [30]ഈ കഥ ലിൻ ആന്റേഴ്സന്റെ, ''ഫെയിസിങ്ങ് ജയന്റ്സ്'' എന്നതിൽ നിന്നെടുത്തതാണ് (എൻ.പി., എൻ.ഡി.), സൗണ്ട് കാസറ്റ്.

[31]ആ കല്ലുകൾ വെള്ളത്തിന്റെ ഒഴുക്കിൽപെട്ട് മിനുസപ്പെട്ടതാണ്. അത്തരം കല്ലുകളെ കൃത്യമായ സ്ഥാനത്തു എറിയുവാൻ സാധിക്കും. [32]അപ്പോഴും ഒഴുകിക്കൊണ്ടിരുന്ന, ആ അരുവി, വർഷത്തിലധികവും വരൾച്ചയുള്ളതായിരുന്നു. [33]പിടികൊടുക്കാതെ പായുന്ന ജെറ്റിനെ ഒരു ബോംബ് സ്ഫോടകൻ നേരിടുന്നതായി ആരോ ഇതിനെ ചിത്രീകരിച്ചിട്ടുണ്ട്. [34]വന്യജന്തുക്കൾക്ക് ഭക്ഷിക്കേണ്ടതിനു, ദാവീദിന്റെ മാംസം യുദ്ധക്കളത്തിൽ ഉപേക്ഷിച്ചുകളയും, എന്നായിരുന്നു ഗൊല്യാത്തിന്റെ ഭീഷണി. [35]ചില ഉപദേഷ്ടാക്കന്മാർ അതിനെ ഈ രീതിയിൽ പറഞ്ഞു: "തുമ്മുന്നതുവരെ നീ അറിയാത്തത്ര വേഗത്തിൽ, ഞാൻ നിന്റെ തല ഛേദിച്ചുകളയും!" [36]ഈ പാഠത്തിനു തൊട്ടുമുൻപു "വിശ്വാസമാണ് വിജയം" എന്ന പാട്ടു പാടുന്നതു നന്നായിരിക്കും. [37]ഇരുമ്പായുധത്തിന്റെ കുത്തകാവകാശമുള്ളവനായിരുന്നു ഫെലിസ്ത്യൻ (നോക്കുക 1 ശമുവേൽ 13:19-22). [38]ലിൻ ആന്റേഴ്സൺ, *ഫൈന്റിങ്ങ് ദ ഹാർട്ട് ടു ഗോ ഓൺ* (സാൻ ബെർണാർഡിനോ, കാലിഫ്.: ഹിയറിസ് ലൈഫ് പബ്ലിഷേഴ്സ്, 1991), 44. [39]ഫെലിസ്ത്യയിൽ വേറെ മല്ലന്മാരും*ണ്ടായിരുന്നു* (2 ശമുവേൽ 21:15-22). അവരെ പിന്നീടു തോല്പിച്ചു; ഇതായിരുന്നു ദാവീദിന്റെ പൈതൃകം. (ഇതുമായി ബന്ധപ്പെട്ടു ശ്രദ്ധിക്കേണ്ടത് എന്തെന്നാൽ, മറ്റൊരു വ്യക്തിയാൽ - കൊല്ലപ്പെട്ട മറ്റൊരു മല്ലന്റെ - പേരും ഗൊല്യാത്ത് എന്നാണ് അറിയപ്പെട്ടിരുന്നത്. നോക്കുക 2 ശമുവേൽ 21:19.) [40]ഫെലിസ്ത്യരുടെ മല്ലൻ കൊല്ലപ്പെട്ടപ്പോൾ അവർ യിസ്രായേലിന്നു കീഴ്പ്പെട്ടു അടിമകളാകേണ്ടിയിരുന്നു. അത്രമാത്രം ആദരവും ബഹുമതിയും ഒരു ഫെലിസ്ത്യനുണ്ടായിരുന്നു!

[41]അവൻ രാജാവാകുന്നതുവരെ ദാവീദ് യെരുശലേമിനെ പിടിച്ചടക്കിയിരുന്നില്ല എന്ന

തുകൊണ്ട് (2 ശമുവേൽ 5:6-10), ഗൊല്യാത്തിനെ അവൻ യെരുശലേമിലേക്കു കൊണ്ടുവന്നു എന്നു പറയുന്ന പ്രസ്താവന അതിശയകരവും ഒരുപക്ഷെ നിരവധി വർഷങ്ങൾക്കു ശേഷം സംഭവിച്ചതുമാകാം. [42]വാൾ കൂടാരത്തിൽ എത്തിച്ചു എന്നു പറയുന്നതുകൊണ്ടു (1 ശമുവേൽ 21:8, 9), ''അവന്റെ കൂടാരം'' എന്നു പറഞ്ഞിരിക്കുന്നത് ദാവീദിന്റെ വ്യക്തിപരമായ കൂടാരമല്ല മറിച്ച് സമാഗമനകൂടാരത്തെ കുറിച്ചാണ് പറഞ്ഞിരിക്കുന്നതു എന്നാണ് ചിലർ കരുതുന്നത്. ദാവീദ് ഒരുപക്ഷെ ആയുധങ്ങൾ ആദ്യം വീട്ടിലേക്കു കൊണ്ടു പോയിരിക്കാം, പിന്നെ എല്ലാ യിസ്രായേല്യരെയും പ്രചോദിപ്പിക്കേണ്ടതിന് സമാഗമന കൂടാരത്തിലേക്കു കൊണ്ടു വന്നിരിക്കാം. ''കൂടാരം'' എന്ന വാക്ക് ചിലപ്പോൾ ''വീട്''എന്ന അർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. (1 ശമുവേൽ 13:2; മുതലായവ.).